"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.ശരത് കൃഷ്ണ എസ്.കെ. മുതൽ പേർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C) No. 28051/2022 കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയം ഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.888/2024/LSGD തീയതി,തിരുവനന്തപുരം, 23-05-2024

പരാമർശം:-

1. ശ്രീ.ശരത് കൃഷ്ണ എസ്.കെ സമർപ്പിച്ച 26.08.2022 തീയതിയിലെ അപേക്ഷ
2. ഡബ്ല്യൂ.പി.(സി) നമ്പർ. 28051/2022 കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 24.07.2023- ലെ വിധിന്യായം
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 27.10.2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./41797/2023-സി.എസ്.എസ്.ബി നമ്പർ കത്ത്.
4. വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2023 തീയതിയിലെ P1/2023 നമ്പർ കത്ത്.
5. വെള്ളനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.11.2023 തീയതിയിലെ SC1/6001/2023 നമ്പർ കത്ത്.
6. അഴീക്കോട് ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ കത്ത്.

**ഉത്തരവ്**

നാഷണൽ റർബൻ മിഷൻ പദ്ധതി പ്രകാരം, വെള്ളനാട് ആര്യനാട് ക്ലസ്റ്ററിൽ ഉൾപ്പെട്ട വെള്ളനാട് ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത "Construction of building for economic upliftment of APL/BPL families" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ഉന്നയിച്ച്കൊണ്ട് ശ്രീ.ശരത്കൃഷ്ണൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നമ്പർ.28051/2022 കേസിലെ പരാമർശം (2) വിധിന്യായത്തിൽ, പരാതിക്കാർ ഉന്നയിക്കുന്ന ക്രമക്കേടുകൾ പരിശോധിക്കുന്നതിനും 7 മുതൽ 9 വരെയുള്ള എതിർകക്ഷികളെ നേരിട്ട് കേൾക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

2. തുടർന്ന്, 7 മുതൽ 9 വരെയുള്ള എതിർകക്ഷികളെ സർക്കാർ നേരിൽ

കേൾക്കുകയുണ്ടായി. റർബൻ മിഷൻ പദ്ധതി പ്രകാരം, "Construction of building for the economic upliftment of APL/BPL families" എന്ന പ്രവൃത്തി 'സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ' എന്ന ഘടകത്തിന് കീഴിൽ ഉൾപ്പെടുത്തിയ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ നടപടി ക്രമവിരുദ്ധമാണെന്നും, ABL/BPL കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിന് എന്ന മറവിൽ നിർമ്മിക്കാൻ ശ്രമിക്കുന്നത് യഥാർത്ഥത്തിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സാണ് എന്നും, ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനായി തെരഞ്ഞെടുത്ത അഴിക്കോട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല എന്നും നെടുമങ്ങാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ വർക്ക്-ഇൻ-ഹാൻഡ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് അഴീക്കോട് ലേബർ കോൺട്രാക്ട് സൊസൈറ്റി മേൽ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നും, ക്വാട്ട് ചെയ്ത തുകയുടെ 1/3 തുകയായ 97,57,125/-രൂപ അഡ്വാൻസ് ആയി സൊസൈറ്റിക്ക് നൽകിയത് ക്രമവിരുദ്ധമാണ് എന്നും, 2.80 കോടി രൂപയുടെ പ്രവൃത്തി സുതാര്യമായ ടെൻഡർ നടപടികളിലൂടെ നൽകാതെ ക്വട്ടേഷൻ നടപടിയിലൂടെ പ്രസ്തുത സൊസൈറ്റിക്കു നൽകിയത് ക്രമവിരുദ്ധമായതിനാൽ ടി സൊസൈറ്റിക്കു വർക്ക് ഓർഡർ / സെലക്ഷൻ നോട്ടീസ് നൽകിയത് റദ്ദ് ചെയ്യണമെന്നും സാമ്പത്തിക ദുരുപയോഗം ഉൾപ്പെടെ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള എല്ലാ ക്രമക്കേടുകളും സംബന്ധിച്ച് ഒരു അന്വേഷണം നടത്തണം എന്നും പരാമർശം (1) പ്രകാരം ഹർജിക്കാർ ആവശ്യപ്പെട്ടിരുന്നു.

3. വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലത്ത് 2.80 കോടി രൂപയ്ക്ക് പാവപ്പെട്ട ജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി (Constructionof Building for APL/BPL families) കച്ചവട സമുച്ചയം സ്ഥാപിക്കുന്നതിന് ഉള്ള പദ്ധതി പ്രകാരം വളരെ തുച്ഛമായ നിരക്കിൽ കടമുറികൾ വാടകയ്ക്ക് നൽകി പലരുടെയും ജീവിതോപാധിയാകുന്നതും, പഞ്ചായത്തിന് പ്രതിമാസം 1,20,000/- രൂപ വാടക കിട്ടുന്നതുമായ കച്ചവട സമുച്ചയ നിർമ്മാണ പദ്ധതിയെ തുടക്കം മുതൽ തന്നെ ടൗൺ വാർഡ് മെമ്പർ എതിർക്കുകയും പല ഘട്ടങ്ങളിലും പ്രവർത്തി നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നും വ്യാപാരസമുച്ചയത്തിലെ നിർമ്മാണത്തിന് അഴിക്കോട് ലേബർ കോൺട്രാക്ട് സൊസൈറ്റിയെ നിയമാനുസരണം ടെൻഡർ മുഖേനയാണ് പ്രവർത്തികൾ ചെയ്യുന്നതിന് കമ്മിറ്റി തിരഞ്ഞെടുത്തതെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും അടിസ്ഥാന തൂണുകൾ ഉൾപ്പെടെ പ്രവർത്തി നടന്നുകൊണ്ടിരുന്ന സമയത്താണ് ടെൻഡർ നടപടികളിൽ പാളിച്ച ചൂണ്ടിക്കാണിച്ചുകൊണ്ട് പരാതിക്കാരൻ സർക്കാരിനെയും ഹൈക്കോടതിയേയും സമീപിക്കുകയും, ഹൈക്കോടതി

ഉത്തരവിനെ അടിസ്ഥാനത്തിൽ താൽക്കാലികമായി പണി നിർത്തിവയ്ക്കുകയും ചെയ്തതെന്നുമാണ് വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്. പരാതിക്കാരുടെ ഉദ്ദേശം വോളിബോൾ കളി, പ്രസ്തുത സ്ഥലത്ത് പുനസ്ഥാപിക്കുക എന്നുള്ളതാണ് എന്നും പത്തു കോടി രൂപയിൽ പരം വിലയുള്ള സ്ഥലം ഒഴിപ്പിച്ചതാണ് പരാതിക്ക് ആസ്പദം എന്നും പഞ്ചായത്ത് പ്രസിഡന്റ് ബോധിപ്പിച്ചു.

4. 06.09.2019 ലെ ചീഫ് സെക്രട്ടറി അധ്യക്ഷനായ 12-ാമത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മിനിട്ട്സ് പ്രകാരം റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ അംഗീകരിച്ച പദ്ധതികളുടെ ലിസ്റ്റിലെ, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ എന്ന് വിഭാഗത്തിന്റെ ഉപവിഭാഗമായിട്ടാണ് "Construction of Building for the Economic Upliftment of APL/BPL Families" എന്ന പദ്ധതിക്ക് 2.8 കോടി രൂപ വെള്ളനാട് ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരിക്കുന്നതെന്നും ടി സൊസൈറ്റിക്ക് ഈ കരാർ പണി (ഒരു കരാർ പണിയുടെ അടങ്കൽ തുക 3 കോടി രൂപയും ഒരേസമയം ഏറ്റെടുക്കാവുന്ന ആകെ കരാർ പണികളുടെ തുക 15 കോടി രൂപയും) ഏറ്റെടുക്കാൻ കഴിയും എന്നുമാണ് പരാമർശം (5) പ്രകാരം വെള്ളനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

5. അഴിക്കോട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാണെന്നും സഹകരണ വകുപ്പിന്റെ 24.05.2021 തിയ്യതിയിലെ സ.ഉ(സാധാ) നം. 318/2021/സഹ സർക്കാർ ഉത്തരവ് പ്രകാരം ടി സൊസൈറ്റിക്ക് ഒരേ സമയം 15 കോടി രൂപയുടെ ഒറ്റ കരാർ ഏറ്റെടുക്കുവാനുള്ള യോഗ്യതയുണ്ട് എന്നും നിർമ്മാണ ജോലികൾ ആരംഭിച്ചപ്പോൾ തന്നെ വാർഡ് മെമ്പറുടെ നേതൃത്വത്തിലുള്ള സംഘം ജോലികൾ തടസ്സപ്പെടുത്തിയ സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണത്തോടെ നിർമാണ ജോലികൾ പുനഃരാരംഭിച്ചുവെങ്കിലും ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് വന്നതിനാൽ നിർമ്മാണ ജോലികൾ പൂർണ്ണമായും നിലച്ചു എന്നും ആയതിനാൽ അടിയന്തിരമായി ടി വിഷയത്തിൽ ഇടപെട്ടു നിർമ്മാണ ജോലികൾ പുനരാരംഭിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളണമെന്നും അഴിക്കോട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് ആവശ്യപ്പെട്ടു.

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിൽ, ടി പ്രവർത്തി സംബന്ധിച്ച്, വേണ്ട മുൻകരുതലുകൾ എടുക്കാതെയാണ് പഞ്ചായത്ത് ഈ ഏജൻസിക്ക് പ്രവൃത്തി കൈമാറിയതെന്നും ചട്ട ലംഘനവും സർക്കാർ ഫണ്ടിന്റെ ദുർവിനിയോഗവും ഉണ്ടായിട്ടുണ്ട് എന്നും നിരീക്ഷിച്ചിട്ടുണ്ട്. പ്രോജക്ട് കോസ്റ്റ് 1 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യോഗ്യരായ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും (Non PMC) ഇ-ടെണ്ടർ

മുഖേനയാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത് എന്നിരിക്കെ ലിമിറ്റഡ് ക്വട്ടേഷൻ ക്ഷണിച്ചതും സർക്കാർ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടാത്ത അഴിക്കോട് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിർവ്വഹണത്തിനായി തിരഞ്ഞെടുത്തതും ക്രമവിരുദ്ധമാണ് എന്നും ക്വോട്ട് ചെയ്ത തുകയുടെ 20% മാത്രമേ അഡ്വാൻസായി അനുവദിക്കാവൂ എന്നിരിക്കെ 35% ആയ 97,57,125/- രൂപ അഡ്വാൻസായി നൽകിയത് ക്രമവിരുദ്ധമാണ് എന്നും പരാമർശം 3 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7.മേൽ വിവരിച്ച മൊഴികളും റിപ്പോർട്ടുകളും കേസുമായി ബന്ധപ്പെട്ട മറ്റ് രേഖകളും വസ്തുതകളും വിശദമായി പരിശോധിച്ചപ്പോൾ, ഈ വിഷയത്തിൽ സമഗ്രവും വിശദവുമായ ഒരു അന്വേഷണം ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തുന്നു. ആയതിനാൽ, പ്രാഥമികമായി, ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ആഭ്യന്തര വിജിലൻസ് വിങ്ങിനെ കൊണ്ട് സമഗ്രവും വിശദവുമായ ഒരു അന്വേഷണം നടത്തി വ്യക്തമായ ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട്, ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ, LSGD-യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

8. പരാമർശം (2) വിധിന്യായം, ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

To: പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ശരത് കൃഷ്ണ എസ്.കെ., ശ്രീ ശങ്കര നിലയം , വെള്ളനാട് പി.ഒ.,
തിരുവനന്തപുരം -695543
ശ്രീ. അരുൺ ലാൽ എസ് താമരഭാഗത്ത് വീട്, കണ്ണംപള്ളി, വെള്ളനാട് പി.ഒ.,
തിരുവനന്തപുരം-695543
പ്രസിഡന്റ്, വെള്ളനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
സെക്രട്ടറി, വെള്ളനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രസിഡന്റ്, അഴിക്കോട് ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചെക്കക്കോണം പി.ഒ.,
തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (with C/L)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 23-05-2024 11:37:00

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്